മുഖേന ഉപഭോക്താക്കൾക്ക് മൂല്യാധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്മാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണം ആധുനികവത്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം കുറച്ച് 15 ശതമാനത്തിൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് ഈ പദ്ധതിയുടെ പാർട്ട് ബി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി (RAPDRP) പാർട്ട് ബി-യിൽ 1,078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ 43 ഠൗണുകളിൽ നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(സി) ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള Distribution Reforms Committee ശിപാർശ ചെയ്ത പ്രവൃത്തികളാണ് RAPDRP പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നത്. കേന്ദ്ര സർക്കാർ എല്ലാ മാസവും അവലോകന യോഗം നടത്തി പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യാറുണ്ട്. ഇതിനു പുറമെ ബോർഡ് തലത്തിലും അവലോകനം നടത്താറുണ്ട്. കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് പരിശീലനം നൽകുകയും അവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാറ്റിൽനിന്നും വൈദ്യുതി

47(2248) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കാറ്റിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടതെന്നും അത് പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വൈദ്യുതി ഉൽപ്പാദനത്തിന് പൊതുധനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഇതിനായി ഉപയോഗിച്ച പൊതുധനത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ കാറ്റിൽനിന്നും ഒരു നിശ്ചിത അളവ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നില്ല. 18 വർഷംമുമ്പ് കഞ്ചിക്കോട് സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച 2.025 MW(9x225KW)

LIBRARY ARCHIVES Kerala Legislative Assembly

ശേഷിയുള്ള കാറ്റാടി യന്ത്രങ്ങളിൽനിന്നും പ്രതിവർഷം 1.6 Mu വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു. സ്വകാര്യ മേഖലയിൽ 36.4 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടങ്ങൾ സ്ഥാപിക്കാനുള്ള സാങ്കേതിക അനുമതി അനെർട്ട് നൽകിയിട്ടുണ്ട്. നിലവിലുള്ള കാറ്റാടി പാടത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി NIWE നടത്തിയ പ്രാഥമിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കഞ്ചിക്കോട്ടുള്ള 220 KV സബ്സ്റ്റേഷന്റെ സമീപത്തായി ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് 2.6 MW ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് പ്രതിവർഷം 2.6 Mu വൈദ്യുതി ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. ഇതിനു പുറമെ കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

വൈദ്യുതി ഉല്പാദനം

48(2249) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണ്;

(ബി) എത്ര യൂണിറ്റ് വൈദ്യുതി ഒരു ദിവസം ആവശ്യമായി വരുന്നുണ്ട്;

(സി) വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നവംബർ മാസത്തിലെ കണക്കനുസരിച്ച് ആഭ്യന്തരോല്പാദനം 14.271 ദശലക്ഷം യൂണിറ്റാണ്.

(ബി) നവംബർ മാസത്തിലെ കണക്കനുസരിച്ച് 60.20 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുന്നു.

(സി) 63.6 MW- ന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജല വൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly